# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2437** **05.02.2018 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചിട്ടുള്ള സർക്കാർ ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) എത്ര സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) അനെർട്ട് മുഖേനയുള്ള ഡെപ്പോസിറ്റ് വർക്ക് പദ്ധതി അനുസരിച്ച് ചുവടെ ചേർക്കുന്ന സർക്കാർ അധീനതയിലുള്ള വിവിധ സ്ഥാപനങ്ങളിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>1. കൊല്ലം ജില്ലയിൽ കാപ്പക്സിന്റെ 8 ഫാക്ടറികളിൽ 3 KW വീതം ശേഷിയുള്ളതും ആലപ്പുഴ ജില്ലയിലെ ഒരു ഫാക്ടറിയിൽ 6 KW ശേഷിയുള്ളതുമായ ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകളും അടക്കം ആകെ 30 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>2. വയനാട് റീജണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷനിൽ 2.5 കിലോവാട്ടിന്റെയും, തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിൽ 1 കിലോവാട്ടിന്റെയും ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>3. തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിൽ 70 കിലോവാട്ട് ശേഷിയുള്ള ശൃംഖലാ ബന്ധിത സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>4. തിരുവനന്തപുരം അനെർട്ടിന്റെ കേന്ദ്ര കാര്യാലയത്തിൽ 15 കിലോവാട്ടിന്റെ ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>5. അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ഡെമൺസ്ട്രേഷൻ സ്കീമിൽ ഉൾപ്പെടുത്തി 7 സർക്കാർ കെട്ടിടങ്ങളിൽ **110kwp** ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ ഉൾപ്പെടുത്തി 25 സർക്കാർ കെട്ടിടങ്ങളിൽ ആകെ **271 kwp** ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും ടെക്നിക്കൽ കൺസൾട്ടൺസി സ്കീമിൽ ഉൾപ്പെടുത്തി 5 സർക്കാർ കെട്ടിടങ്ങളിൽ **232 kwp** ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്.<br>6. **സോളാർ സ്മാർട്ട്** പദ്ധതിയിൽ ഉൾപ്പെടുത്തി 17 സർക്കാർ സ്ഥാപനങ്ങളിലും **സോളാർ കണക്ട്** പദ്ധതിയിൽ ഉൾപ്പെടുത്തി 8 സർക്കാർ സ്ഥാപനങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | 7. തിരുവനന്തപുരം വൃദ്ധ സദനത്തിൽ 10 kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റും എറണാകുളം ജില്ലയിൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ 5kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റും പത്തനംതിട്ട ജില്ലയിൽ കോന്നി എക്കോ ടൂറിസത്തിൽ 2kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ സർക്കാർ ഓഫീസുകളിലും സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) 2017-18 വർഷത്തെ പദ്ധതി പ്രകാരം അനെർട്ട്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാ ബന്ധിത സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി 11.87 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ